# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 7947

16.07.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. ഇ.പി. ജയരാജൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന് പ്രവർത്തിക്കാനുള്ള ഓഫീസ് നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷനാണ് നിലവിലുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 24.05.2014-ലെ സ.ഉ(സാധാ) നം.1277/2014/തസ്വഭ പ്രകാരം പത്താം ശമ്പള പരിഷ്കരണ കമ്മീഷന് പ്രവർത്തിക്കാനുള്ള ഓഫീസ് നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | എന്നു മുതലാണ് കമ്മീഷൻ പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | : | 05.12.2013 മുതലാണ് കമ്മീഷൻ പ്രവർത്തനം ആരംഭിച്ചത്. |
| (സി) | ആകെ എത്ര സ്റ്റാഫിനെയാണ് കമ്മീഷനിൽ പ്രവർത്തിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത് ; ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ; എത്ര വീതം; | : | ആകെ 28 സ്റ്റാഫിനെയാണ് കമ്മീഷനിൽ പ്രവർത്തിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. അവ താഴെപറയും പ്രകാരമാണ്.<br><br>അഡീഷണൽ സെക്രട്ടറി - 1<br>ജോയിന്റ് സെക്രട്ടറി - 1<br>അണ്ടർ സെക്രട്ടറി - 2<br>സെക്ഷൻ ഓഫീസർ - 4<br>അസിസ്റ്റന്റ് - 8<br>കമ്പ്യൂട്ടർ അസിസ്റ്റന്റ് - 3<br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 4<br>ക്ലറിക്കൽ അസിസ്റ്റന്റ് - 1<br>ഓഫീസ് അറ്റൻഡന്റ് - 4<br>--------<br>ആകെ - 28 |
| (ഡി) | ആകെ എത്ര ജീവനക്കാർ കമ്മീഷനിൽ ജോലി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ? | : | കമ്മീഷനിൽ ആകെ 8 ജീവനക്കാരെ ധനകാര്യ വകുപ്പ് നിയമിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. ഇതിൽ 7 പേർ ജോലി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ